(iii)	2075-00-800-80- ഏഴിമലയിൽ നേവൽ അക്കാഡമി സ്ഥാപിക്കുന്നതിന് ഭൂമി പൊന്നുംവിലക്കെടുക്കൽ- വോട്ടു ചെയ്തത്-ചാർജു ചെയ്തത്	3,00,000 20,00,000	DBE Vol.I P.226
(iv)	2075-800-54 സർക്കാർ വകുപ്പുകൾക്ക് വേണ്ടി സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കാൻ മൊത്തം തുക-ചാർജ് ചെയ്തത്	1,00,00,000	DBE Vol.I P.227
(v)	2075-800-53- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കു വേണ്ടി സ്ഥലം പൊന്നും വിലക്കെടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പാക്കൽ ചാർജ് ചെയ്തത്	1,00,00,000	DBE Vol.I P.227

മേൽ ശീർഷകങ്ങളിൽ വകകൊള്ളിച്ചിട്ടുള്ള തുക തികയാതെ വരുന്ന പക്ഷം റവന്യൂ വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക തുക ചെലവഴിക്കാനുള്ള അനുമതിയും നൽകി വരുന്നു.

പി. ഡബ്ല്യു.ഡി. ജലസേചനം തുടങ്ങിയ രംഗത്തെ കരാറുകാർക്ക് കൊടുത്ത് തീർക്കാനുള്ള തുക

12 (1807) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് പി. ഡബ്ല്യു.ഡി., ജലസേചനം തുടങ്ങിയ രംഗത്തെ കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള തുകയെത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും മാറ്റിവച്ച ആനുകൂല്യങ്ങൾ തിരികെ കൊടുക്കുന്നത് സംബന്ധിച്ച ബാദ്ധ്യത എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള തുക ചുവടെ ചേർക്കുന്നു:-

പൊതുമരാമത്ത് (റോഡുകളും പാലങ്ങളും 31-3-2003 വരെ)	569.00	കോടി
ബിൽഡിംഗ്സ് (31-5-2003 വരെ)	41.00	"
നാഷണൽ ഹൈവേ	1.64	"

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനം	122.91 കോടി
ആകെ	734.55 "

(ബി) പ്രതിവർഷം ഉദ്ദേശം 97 കോടി രൂപ.

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കണമെന്ന ആവശ്യം

13 (1808) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കണമെന്ന സർവ്വീസ് സംഘടനകളുടെ ആവശ്യം സംബന്ധിക്കുന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ശമ്പളപരിഷ്ക്കരണം നടപ്പാക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

സംസ്ഥാനത്തെ റവന്യൂ വരുമാനവും ചെലവും

14 (1809) ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02, 2002-03 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം, റവന്യൂ ചെലവ്, റവന്യൂ കമ്മി ഇവ എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) 2000-01, 2001-02,2002-03 സാമ്പത്തിക വർഷങ്ങളിൽ പൊതു മേഖലയിൽ നിന്നും സഹകാര്യ മേഖലയിൽ നിന്നും സെയിൽസ് ടാക്സ് ഇനത്തിൽ ഉണ്ടായ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് വരുമാന വർദ്ധനവിനെക്കാൾ അനിയന്ത്രിതമായി കൂടി വരുന്നതിനാൽ സംസ്ഥാനം കടുത്ത റവന്യൂ കമ്മിയിലേക്ക് നീങ്ങുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ റവന്യൂ കമ്മി നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) 2001-02-ലെ ബഡ്ജറ്റിൽ ഗവൺമെന്റ് പ്രഖ്യാപിച്ച എംപ്ലോയ്മെന്റ് ജനറേഷനും സ്ത്രീ ശാക്തീകരണ പദ്ധതിയുടെ എന്തെങ്കിലും പ്രോജക്ടും അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly